**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 66** **04-10-2021 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ്-തിരുവനന്തപുരം അതിവേഗ പാത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | **Shri. Pinarayi Vijayan**<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ്-തിരുവനന്തപുരം അതിവേഗ തീവണ്ടിപാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികളാണ് നാളിതുവരെ സ്വീകരിച്ചിട്ടുള്ളത്; | (എ) | സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും കേന്ദ്ര റെയിൽവേ മന്ത്രാലയത്തിനു സമർപ്പിക്കുകയും ആയതിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും അന്തിമാനുമതിക്കായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുകയും ചെയ്തു. തുടർന്ന് റെയിൽവേബോർഡ്, ധനകാര്യം (എക്സ്പെൻഡിച്ചർ), നീതി ആയോഗ് എന്നീ കേന്ദ്ര സർക്കാർ വകുപ്പുകൾ ജൈക്ക, എ.ഡി.ബി എ.ഐ.ഐ.ബി കെ.എഫ്.ഡബ്ല്യു തുടങ്ങിയ വിദേശ വായ്പ ഏജൻസികളിൽ നിന്നുമുള്ള വായ്പ ഇനത്തിൽപ്പെടുന്ന ധനസഹായത്തിനായി ക്രേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനു ശുപാർശ ചെയ്തിട്ടുണ്ട്. പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കൽ നടപടിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനും 2100 കോടി രൂപ കിഫ്ബിയിൽ നിന്ന് വായ്പ എടുക്കുന്നതിനും അനുമതി നൽകി സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭൂമി ഗവേഷണ പഠനം, ഗതാഗത പഠനം, ലിഡാർ സർവ്വേ, ദ്രുത പരിസ്ഥിതി ആഘാത പഠനം എന്നീ പഠനങ്ങൾ നടത്തുകയും ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദമായ പദ്ധതി റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് റെയിൽവേയുടെയും സാമ്പത്തികകാര്യ വകുപ്പിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതയുടെ മതിപ്പ് ചെലവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | 63941 കോടി രൂപ. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | പാത എന്ന് യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | റെയിൽവേ ബോർഡിന്റേയും, കേന്ദ്ര സാമ്പത്തികാര്യ മന്ത്രാലയത്തിന്റേയും കേന്ദ്ര മന്ത്രിസഭയുടേയും അനുമതി ലഭിക്കുന്ന മുറയ്ക്ക് അഞ്ച് |

| | | | |
|---|---|---|---|
| | | | വർഷത്തിനുള്ളിൽ പദ്ധതി യാഥാർത്ഥ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

| വിശദാംശങ്ങൾ | തുക | ശതമാനം |
|---|---|---|
| **മൂലധനം** | | |
| റെയിൽ മന്ത്രാലയം | Rs.3,125 Cr | 4.89% |
| കേരള സർക്കാർ | Rs.3,253 Cr | 5.09% |
| പബ്ലിക്ക് | Rs 4,252 Cr | 6.65%) |
| **അന്താരാഷ്ട്ര വായ്പ** | Rs.33,700 Cr | 52.70% |
| **സബോർഡിനേറ്റ് ഡബ്റ്റ്** | | |
| കേന്ദ്ര സർക്കാർ (നികുതി ഇളവ്) | Rs.3189 Cr | 4.99% |
| കേരള സർക്കാർ (നികുതി ഇളവ്) | Rs.2896 Cr | 4.53% |
| കേരള സർക്കാർ - സ്ഥലമേറ്റെടുപ്പിനുള്ള ചിലവ് (land, EIA and R&R) - | Rs.11,837 Cr | 18.51% |
| JDA (ഭൂഉടമകൾക്കായുള്ള ഡെഫേർഡ് പെയ്മെന്റ് സ്കീം) | Rs.1,525 Cr | 2.39% |
| നിർമ്മാണ കാലഘട്ടത്തിലെ വായ്പ പലിശ കേരള സർക്കാർ | Rs.164 Cr | 0.26% |
| **<u>ആകെ</u>** | Rs. 63,941 Cr | 100% |

സെക്ഷൻ ഓഫീസർ